# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2679

17.06.2019-ൽ മറുപടിയ്ക്ക്.

## മിനി കന്നുകാലി ഫാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർക്ക് മിനി കന്നുകാലി ഫാം തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) ക്ഷീരകർഷകർക്ക് മിനി കന്നുകാലി ഫാം തുടങ്ങുന്നതിന് പദ്ധതികൾ നിലവിലുണ്ട്.<br>മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയുടെ ഭാഗമായി ഒരു പശു, രണ്ട് പശു, അഞ്ച് പശു, 10 പശു അടങ്ങിയ ഫാമുകൾ തുടങ്ങുന്നതിനുള്ള ധനസഹായം നൽകുന്നുണ്ട്. |
| (ബി) സർക്കാർ സബ്സിഡിയിയോടെ കർഷകർക്ക് കന്നുകാലി ഫാം ആരംഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (ബി) ക്ഷീരവികസന വകുപ്പിന്റെ സബ്സിഡിയോടെ കർഷകർക്ക് കന്നുകാലിഫാം ആരംഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാനത്തിന് പുറത്തുനിന്നും മാത്രമേ കറവപ്പശുക്കളെ വാങ്ങാൻ പാടുള്ളൂ.<br>2. സർക്കാർ അതാത് സമയത്ത് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുമെന്ന് മുദ്രപ്പത്രത്തിൽ സമ്മതപത്രം നൽകണം.<br>3. അഞ്ചിൽ കൂടുതൽ കറവപ്പശുക്കളെ വളർത്തുന്ന കർഷകർ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും NOC വാങ്ങുകയും പഞ്ചായത്ത് ലൈസൻസ് എടുക്കുകയും ചെയ്യണം.<br>4. സർക്കാർ സഹായത്തോടെ വാങ്ങുന്ന ഉരുക്കളെ കുറഞ്ഞത് 3 വർഷക്കാലം സംരക്ഷിക്കണം.<br>5. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിധവകൾ, സ്ത്രീകൾ, ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്നവർ എന്നിവർക്ക് മുൻഗണന നൽകും.<br>6. 5-ൽ കൂടുതൽ പശുക്കളെ വളർത്തുന്നവർക്ക് തീറ്റപ്പുൽക്കൃഷി നിർബന്ധമായും ഉണ്ടായിരിക്കണം. |

| | | |
|---|---|---|
| (സി) | ക്ഷീരവികസന വകുപ്പിന്റെ കീഴിൽ കന്നുകാലിഫാം നടത്തുന്ന കർഷകർക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) ക്ഷീരവികസന വകുപ്പിൽ നിന്നും കന്നുകാലി ഫാം നടത്തുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ഇനവിവരം | ധനസഹായ തുക (രൂപയിൽ) |
|---|---|---|
| 1 | കറവയന്ത്രം വാങ്ങൽ | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000/- |
| 2 | കാലിത്തൊഴുത്ത് | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000/- |
| 3 | അവശ്യാധിഷ്ഠിത സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 4 | ധാതുലവണ മിശ്രിതം | 100 |

| | | |
|---|---|---|
| (ഡി) | പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നവീന രീതിയിലുള്ള കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ